**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ബഹു.സുപ്രീം കോടതിയിൽ ശ്രീ. അനുപം തൃപാഠി ഫയൽ ചെയ്ത W.P(C) 599/15 നമ്പർ കേസിൽ 05/04/2016 -ലെ ബഹു.സുപ്രീം കോടതി ഉത്തരവു പ്രകാരം നിയമിച്ച ബഹു. കേരള ഹൈക്കോടതി റിട്ട.ജസ്റ്റീസ് ശ്രീ. എസ്. സിരിജഗൻ കമ്മിറ്റിയുടെ പ്രവർത്തനത്തിനുവേണ്ട അടിയന്തിര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 2527 / 16/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 26.08.2016

പരാമർശം - നഗരകാര്യ ഡയറക്ടറുടെ 26/08/2016 ലെ ഡി.സി1-9312/16 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. കേരള ഹൈക്കോടതിയിലെ റിട്ട.ജസ്റ്റീസ് ശ്രീ. എസ്. സിരിജഗൻ കമ്മിറ്റിയുടെ പ്രവർത്തനത്തിനായി ഹൈക്കോടതി ജഡ്ജിയുടെ പ്രൈവറ്റ് സെക്രട്ടറിയായി വിരമിച്ച ശ്രീ. E. K. Narayanankutty, Eriat House, Pandathil Road, Eroor North P. O., Thripunithura എന്നയാളെ ചുമതലപ്പെടുത്തണമെന്നും ഒരു ഓഫീസ് അറ്റൻഡന്റിനെ നിയമിക്കണമെന്നും ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ, ഓഫീസ് ചെലവുകൾക്കുള്ള തുക എന്നിവ അനുവദിക്കണമെന്നും പരാമർശം കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ശ്രീ. E. K. Narayanankutty, Eriat House, Pandathil Road, Eroor North P.O. Thripunithura യെ ബഹു. സിരിജഗൻ കമ്മിറ്റിയുടെ പ്രൈവറ്റ് സെക്രട്ടറിയായി കരാർ അടിസ്ഥാനത്തിൽ/കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ആയതിലേക്കുള്ള ചെലവ് നഗരകാര്യ ഡയറക്ടറുടെ ലഭ്യമായ ഓഫീസ് ചെലവിനങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്. കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ് ചെലവുകൾക്കുള്ള തുക നഗരകാര്യ ഡയറക്ടറുടെ ലഭ്യമായ ഓഫീസ് ചെലവിനങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ലാപ് ടോപ്പ് കമ്പ്യൂട്ടർ കൊച്ചി കെ.എസ്.യു.ഡി.പി. (പി.ഐ.യൂ)ൽ നിന്നും ലഭ്യമാക്കേണ്ടതാണ്. പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ, എന്നിവ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി നഗരസഭയുടെ സ്വന്തം ഫണ്ടിൽ നിന്നും അടിയന്തിരമായി വാങ്ങി നല്കേണ്ടതും ആയതിന്റെ ചെലവ് നഗരകാര്യ ഡയറക്ടർ കൊച്ചി കോർപ്പറേഷന് തിരികെ നല്കേണ്ടതുമാണ്. ജസ്റ്റീസ്. സിരിജഗൻ കമ്മിറ്റിയുടെ സഹായിയായി ഒരു ഓഫീസ് അറ്റൻഡിനെ നിയോഗിക്കുന്നതിനും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. ഇക്കാര്യങ്ങൾ പൂർത്തീകരിച്ച്, കൊച്ചി നഗരസഭാ സെക്രട്ടറി വിവരം ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യുകയും വേണം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി. കെ. ജോസ്.ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, ജസ്റ്റീസ് ശ്രീ. എസ്. സിരിജഗൻ കമ്മിറ്റി, എറണാകുളം (കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മുഖേന)
സെക്രട്ടറി, നിയമവകുപ്പ്
ഡയറക്ടർ , ആരോഗ്യവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ, കൊച്ചി
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., കൊച്ചി
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
E. K. Narayanankutty, Eriat House, Pandathil Road, Eroor North P.O. Thripunithura
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ/ എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ് ന്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ് ന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ